**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1280** **01-02-2024 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല റസ്റ്റ് ഹൗസിലെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കുള്ള നടപടികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല റസ്റ്റ് ഹൗസിലെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ടി റസ്റ്റ് ഹൗസിനു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | **പാറശ്ശാല റസ്റ്റ് ഹൗസിലെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി നിലവിലെ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. കൂടാതെ പാറശ്ശാല റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ടോക്കൺ പ്രൊവിഷൻ മാത്രമേ ഉള്ളൂ. അതിനാൽ ടി പ്രവൃത്തി ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം മാറ്റി വച്ചിട്ടുള്ളതാണ്.** |
| (ബി) | പാറശ്ശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കുമോ; | (ബി) | **പാറശ്ശാല മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ ഇല്ല. ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം അനുബന്ധം.I ആയി ചേർക്കുന്നു.**<br><br>**പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം.II ആയി ചേർക്കുന്നു.**<br><br>**പാറശ്ശാല നിയോജക മണ്ഡലത്തിൽ മലയൻകാവ്-മുള്ളിലവുവിള റോഡിൽ വേങ്കോട്- കൊടിഞ്ഞാമൂല പാലം നിർമ്മാണത്തിനായി 310 ലക്ഷം രൂപയ്ക്ക് 06.11.2020-ലെ സ.ഉ(സാധാ)നം.925/ 2020/ പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ 85% പ്രവൃത്തികൾ പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.**<br><br>**പാറശ്ശാല നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത KRFB-PMU** |

| | | | |
|---|---|---|---|
| | | | **പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം.III ആയി ചേർക്കുന്നു.** |
| (സി) | കേരള റോഡ് ഫണ്ട് ബോർഡിന്റെ (കെ.ആർ.എഫ്.ബി) മേൽനോട്ടത്തിലുള്ള അമരവിള-ശൂരവക്കാണി, കീഴാറ്റൂർ-അരുവിക്കര എന്നീ റോഡുകളുടെ എഫ്.ഡി.ആർ (ഫുൾ ഡെപ്ത് റിക്ലമേഷൻ) സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നവീകരണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; ടി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകും; വിശദാംശം അറിയിക്കാമോ? | (സി) | പ്രസ്തുത പദ്ധതികളുടെ ടെണ്ടർ ഉയർന്ന തുകയ്ക്ക് കരാറുകാരൻ ക്വാട്ട് ചെയ്തതിനാൽ 27/11/2023 ലെ നാല്പത്തിയെട്ടാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ നിർദേശപ്രകാരം സമർപ്പിച്ച ടെണ്ടർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം.I

1. Construction of OP Block in Vellarada CHC (Work Tendered)

   A.S Amount - 2.00.00.000/-

   A.S No.-G.O(Rt)No. 658/2022/PWD dated 21/06/2022

   Tender Opening date- 03/02/2024

2. Construction of New Building for Kuruvad Market (Selection Notice to be issued)

   A.S Amount - 1,00,00,000/-

   A.S No.-G.O (Rt)No. 1578/2023/PWD dated 1/12/2023

3. Construction of New Fire and Rescue Station at parassala - Phase I (Work Started)

   A.S. Amount 1.98.50,000/-

   A.S No. G.O (Rt)No. 1070/2020/PWD dated 1/12/2021

   Agreement No. and Date: 03/SEJ/EKM/2023-24 dated 13/06/2023

സെക്ഷൻ ഓഫീസർ

# അനുബന്ധം.II

**Parassala LAC**

| Sl. No. | LAC | Name of works not completed under Kunnathukal Section | AS amount (lakhs) | Present status of works |
|---|---|---|---|---|
| 1 | Parassala | GENERAL-Waterstagnation at Paliodu Junction- Rectification of waterstagnation in Paliodu Junction by construction of a culvert and allied works.- General Civil Work | 20 | റോഡിന്റെ അതിര് നിർണ്ണയിക്കുന്നതിനായി നെയ്യാറ്റിൻകര തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട് |
| 2 | Parassala | General-Side Protection works in Mandapathinkadavu-Mukundara road - Construction of RCC Retaining wall opposite to Kunnanadu Devi Temple- Civil Work | 25 | പ്രസ്തുത സൈറ്റിൽ നിന്നും രണ്ട് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിലെ കാലതാമസം നേരിടുന്നുണ്ട് |
| 3 | Parassala | Construction of drain and alligned works in Mandapathinkadvau Vazhichal road-Rectification works of water stagnation at Perekonam and Manakala | 25 | റേഡിന്റെ അതിര് നിർണ്ണയിക്കുന്നതിലെ തർക്കം നിലനിൽക്കുന്നു. |

B (2)

**Parassala LAC**

| Sl. No. | LAC | Name of works not completed under Kunnathukal Section | AS amount (lakhs) | Present status of works |
|---|---|---|---|---|
| 1 | Parassala | Budget Work 2021-22 - Upgradation of Mandapathinkadavu- Mukunthara road by providing 50mm BM&30mm BC between kmo/000to 4/600- Upgradation of Mandapatjinkadavu- Vazhichal road(perekonam) by providing 50mm BM&30mm BC.(Budget) | 1000 | 95% പ്രവൃത്തി പൂർത്തീകരിച്ചു. റോഡ് സുരക്ഷ പ്രവൃത്തികൾ പുരേഗമിക്കുന്നു. |
| 2 | Parassala | General-Upgradation of Manchavilakom -Thathiyoor roadfrom Ch;0/000 to 2/600-Budget work 2023-24 (Budget) | 300 | ഇൻഷ്യൽ ലെവൽ അംഗീകാരത്തിനായി സമർപ്പിച്ചു. |
| 3 | Parassala | Mandapathinkadavu Ottasekharamangalam road - Improvements to Muthiavila Ottashekharamangalam road Ch 5/200 to Ch 7/326 (Budget) | 250 | 90% പ്രവൃത്തി പൂർത്തീകരിച്ചു. റോഡ് സുരക്ഷ പ്രവൃത്തികൾ ചെയ്യുവാനുണ്ട്. |
| 4 | Parassala | GENERAL-Water Stagnation at Perimbakonam Junction in Chulliyoor Chadachimarthandam road-Construction of Culvert and associated side drains-General Civil Work | 25 | പ്രവൃത്തി പുരോഗമിക്കുന്നു (30% പൂർത്തീകരിച്ചു.) |
| 5 | Parassala | [ EST/RD/2018/3375_5_2_2 ] GENERAL-Upgradation of Mandapathinkadavu- Mukundara Road by providing 50 mm BM & 30 mm BC between km 0/000 to 4/600-Ongoing Deposit work : Mandapathinkadavu Peraikonam , Mandapathinkadavu Mukunthara ring road deposit work .-General Civil Work | 93.8 | പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ് (95% പ്രവൃത്തി പൂർത്തീകരിച്ചു.) |
| 6 | Parassala | Ongoing Deposit work : Restoration work associated with laying Jio cables in Mandapathinkadavu Mukunthara road | 34.9 | പ്രവൃത്തി പുരോഗമിക്കുന്നു. (90% പ്രവൃത്തി പൂർത്തീകരിച്ചു.) |
| 7 | Parassala | Budget work - 2023-24 Upgradation of Karakkonam-Vlankulam (Elluvila - Narani- Mooverikkara - Thrippalavoor road) by providing BM & BC chainage - 2/590 to 7/190 | 600 | ഇൻഷ്യൽ ലെവൽ പ്രവൃത്തി പുരോഗമിക്കുന്നു. |
| | | | | |
| **RC Works** | | | | |
| 8 | Parassala | General-Work RC-2-General RM 2022-23/Cluster2/One year RC/Kunnathukal TVPM-RM 2022-23-Zone 3-One year Running Contract for Variuous PWD Roads under Roads section Kunnathukal in TVPM District -2 road streches for a length of 16.941 km-General Civil works. | 60 | പ്രവൃത്തി പുരോഗമിക്കുന്നു. (40% പൂർത്തീകരിച്ചു.) വെള്ളറട നെയ്യാർ ഡാം റോഡിൽ അർ.സി 2 ഫേസ് 1 ൽ ൽ ഉൾപ്പെടുത്തി Berm പ്രവൃത്തിയും ഡ്രെയിൻ ക്ലിയറിങ്ങും നടത്തി. ഒറ്റശേഖരമംഗലം ഒലട്ടിമൂട് റോഡിൽ എം.എസ്.എസ് പ്രവൃത്തി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 9 | Parassala | GENERAL-RC2 Phase 2 -General RM 2022-23 / Cluster 2 / One Year RC/ Kunnathukal/ TVM-RM 2022-23-Zone5-One Year Running Contract for Various PWD Roads Under Roads Section Kunnathukal in TVM District -1 road stretches for a length of 12.5 km -General Civil Work-General Civil WorkName of roads Vellarada Neyyardam road Vazhichal Amboori road Kasa road Edaval Thudali road | 90 | പ്രവൃത്തി പുരോഗമിക്കുന്നു. (50% പൂർത്തികരിച്ചു.) വാഴിച്ചൽ അമ്പൂരി റോഡിലും കാസ റോഡിലും അർ.സി 2 ഫേസ് 2 ൽ ഉൾപ്പെട്ടുത്തി Berm പ്രവൃത്തിയുംഡ്രെയിൻ ക്ലിയറിങ്ങും നടത്തി, വാഴിച്ചൽ അമ്പൂരി റോഡിൽ എം.എസ്.എസ് പ്രവൃത്തി പുരോഗമിക്കുന്നു |
| 10 | Parassala | Phase 1 -General RM 2023-24 / Cluster 2 / One Year RC/ Kunnathukal/ TVM-RM 2023-24-Zone 7 Name of Roads : (1) Koothali -Pannimala road (2) Kochuvayalmukku-Kandamthitta road (3) Nilammamoodu-Anchumaramkala road | 70 | പ്രവൃത്തി തുടങ്ങി (10% പൂർത്തീകരിച്ചു.) |
| 11 | Parassala | GENERAL-RC2 Phase 2 -General RM 2022-23 / Cluster 2 / One Year RC/ Kunnathukal/ TVM-RM 2022-23-Zone6-One Year Running Contract for Various PWD Roads Under Roads Section Kunnathukal in TVM District - 1 road stretches for a length of 9.3 km -General Civil Work-General Civil Work Name of roads Manchavilakom thathiyoor Karamoodu - Kiliyoor Pasuvannara Aruvikkara Old ottasekharamangalam road | 70 | പ്രവൃത്തി പുരോഗമിക്കുന്നു (35% പ്രവൃത്തി പൂർത്തീകരിച്ചു..) |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം.III

<table>
<tr><td>ക്രമ നം</td><td>പദ്ധതി</td><td>ദൈർഘ്യം</td><td>സാമ്പത്തിക അനുമതി</td><td>നിലവിലെ സ്ഥിതി</td></tr>
<tr><td>1</td><td>മലയോര ഹൈവേ കുടപ്പനമൂട് വഴിച്ചാൽ</td><td>2.75 കിമീ</td><td>12.13 കോടി</td><td>പ്രവൃത്തിയുടെ ടെണ്ടർ 45 ആമത് ടെണ്ടർ അപ്രൂവൽ കമ്മറ്റി അംഗീകരിക്കുകയും, പദ്ധതിയുടെ പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെൻറ് (PED) കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. PED അപ്രൂവ് ആവുന്ന മുറയ്ക്ക് എഗ്രിമെൻറ് വെച്ച് നിർമാണം ആരംഭിക്കുവാൻ സാധിക്കും.</td></tr>
<tr><td>2</td><td>അമരവിള ഒറ്റശേഖരമംഗലം റോഡ്</td><td>12.20 കിമീ</td><td>26.97 കോടി</td><td>DBM പൂർത്തിയാക്കി കരാർ 19.05.2022 ന് ഫോർക്ലോസ് ചെയ്തു. പ്രവൃത്തിയുടെ ടെണ്ടർ 45 ആമത് ടെണ്ടർ അപ്രൂവൽ കമ്മറ്റി അംഗീകരിച്ചു. സ്ഥലം ഏറ്റെടുക്കുവാനുള്ള തുക കൂടി ഉൾപ്പെടുത്തി സാമ്പത്തിക അനുമതി റിവൈസ് ചെയ്യുവാൻ കിഫ്ബിയില് സമർപ്പിച്ചിരിക്കുന്നു. കിഫ്ബി നടപടിക്രമങ്ങൾ പൂർത്തിയാവുന്ന മുറയ്ക്ക് എഗ്രിമെൻറ് വെച്ച് നിർമാണം ആരംഭിക്കുവാൻ സാധിക്കും.</td></tr>
<tr><td>3</td><td>പശുവണ്ണറ അരുവിക്കര കീഴാരൂർ റിംഗ് റോഡ് (FDR)</td><td>6.63 കിമീ</td><td>19.75 കോടി</td><td rowspan="2">പ്രവൃത്തിയുടെ ടെൻഡർ 48 ആമത് ടെൻഡർ അപ്രൂവൽ കമ്മറ്റി യുടെ ശുപാർശ യോടെ അംഗീകാരത്തിനായി 14.12.23 ൽ സർക്കാരിൽ സമർപ്പിച്ചു. തുടർന്ന് സർക്കാരിൽ നിന്നും 12.01.2024 ൽ ലഭിച്ച ചോദ്യങ്ങൾക്കുള്ള മറുപടി 19.01.2024 ൽ നൽകിയിട്ടുണ്ട്.</td></tr>
<tr><td>4</td><td>അമരവിള കാരക്കോണം കുട്ടപ്പു ശുരവക്കാണി റോഡ് റീച്ച് 2 – 07/ 005 മുതൽ 12/ 200 വരെ (FDR)</td><td>5.2 കിമീ</td><td>90.93 കോടി</td></tr>
<tr><td>5</td><td>കള്ളിക്കാട്, മുകുന്തറ പാലങ്ങൾ</td><td></td><td>4.46 കോടി</td><td>കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ചു. 12.01.2024 ലെ 148–)0 മത് TS കമ്മറ്റി മുൻപാകെ എസ്റ്റിമേറ്റ് അവതരിപ്പിച്ചു. കമ്മിറ്റി ശുപാർശകൾ അനുസരിച്ച് മാറ്റം വരുത്തിയ എസ്റ്റിമേറ്റിന് TS നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.</td></tr>
<tr><td>6</td><td>തിരുവനന്തപുരം നെയ്യാർ ഡാം റോഡ്</td><td>8.32 കിമീ</td><td>58.93 കോടി</td><td>ബി.സി ഓവർ ലേ പ്രവർത്തിക്കായി കിഫ്ബി 2.06.2022 ന് 3.5 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിക്കുന്നു.<br><br>യഥാർത്ഥ പദ്ധതി 12.10.2023 ലെ കിഫ്ബി എക്സിക്യൂട്ടിവ് ഡയറക്ടറുടെ കത്ത് പ്രകാരം ഡെഫർ ചെയ്തിട്ടുണ്ട്.</td></tr>
</table>

പാറശാല മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാകാത്ത KRFB – PMU പ്രവൃത്തികൾ

| ക്രമ നം | പദ്ധതി | ദൈർഘ്യം | സാമ്പത്തിക അനുമതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മലയോര ഹൈവേ കള്ളിക്കാട് പാറശാല ഒന്നാം ഘട്ടം | 15.00 കിമീ | 54.91 കോടി | 95 % പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |
| 2 | മലയോര ഹൈവേ കള്ളിക്കാട് പാറശാല രണ്ടാം ഘട്ടം | 7.40 കിമീ | 53.84 കോടി | 90 % പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |
| 3 | അമരവിള കാരക്കോണം ഒറ്റശേഖരമംഗലം കുട്ടപ്പ ശൂരവക്കാണി റോഡ് റീച്ച് 1 – 00/000 മുതൽ 07 / 005 വരെ | 7 .00 കിമീ | 90.93 കോടി | പ്രവൃത്തി നിർമാണം ആരംഭിച്ചു |
| 4 | കുമ്പിച്ചകടവ് പാലം | | 21.24 കോടി | 52 % പ്രവർത്തി പൂർത്തിയായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**